# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 22 — 08.06.2015 - ൽ മറുപടിയ്ക്ക്

## അന്തർസംസ്ഥാന നദീജലപ്രശ്നങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. സി. കെ സദാശിവൻ<br>ശ്രീ. കെ. കെ. ജയചന്ദ്രൻ<br>ശ്രീ. കെ. വി. അബ്ദുൾ ഖാദർ<br>ശ്രീ. കെ. സുരേഷ് കുറുപ്പ് | | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യ മന്ത്രി) |
| (എ) മുല്ലപ്പെരിയാർ ഉൾ പ്പെടെയുള്ള അന്തർസംസ്ഥാന നദീജലവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഏകോപനമില്ലായ്മ സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; | (എ) | മുല്ലപ്പെരിയാർ വിഷയം ഉൾ പ്പെടെയുള്ള അന്തർസംസ്ഥാന നദീജലവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ; സർക്കാരിന്റെയും ബന്ധപ്പെട്ട വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും യോജിച്ചുള്ള പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിലാണ് നടപടികൾ സ്വീകരിച്ചു വരുന്നത്. പ്രസ്തുത പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ട് പ്രശ്നങ്ങൾ പരിഹരിക്കാൻ പരിശ്രമിച്ചു വരുന്നു. |
| (ബി) മുല്ലപ്പെരിയാർ, പറമ്പിക്കുളം - ആളിയാർ നദീജലകരാറുകളും കാവേരി ട്രൈബ്യൂണൽ വിധിയും ഉൾ പ്പെടെയുള്ള വിഷയങ്ങളിൽ പ്രശ്നപരിഹാരത്തിനായി നടത്തുന്ന ശ്രമങ്ങളെക്കുറിച്ച് വിശദമാക്കാമോ; | (ബി) | ഇക്കാര്യത്തിൽ സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>**(i) മുല്ലപ്പെരിയാർ**<br>മുല്ലപ്പെരിയാർ വിഷയത്തിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിലേക്കായി; മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് നിർമ്മിക്കുന്നതിനുള്ള സാദ്ധ്യത പരിശോധിക്കുന്നതിനുള്ള നിർ ദ്ദേശം കേരളം മുന്നോട്ടു വച്ചിരുന്നു. എന്നാൽ ഇക്കാര്യത്തിൽ |

കേരളവും തമിഴ്നാട്ടും തമ്മിൽ പരസ്പര ധാരണയായ ശേഷം ആവശ്യമെങ്കിൽ പ്രശ്നപരിഹാരത്തിനായി കോടതിയെ സമീപിക്കാവുന്നതാണെന്ന് ബഹു. സുപ്രീം കോടതിയുടെ 07.05.2014-ലെ വിധിന്യായത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. പുതിയ അണക്കെട്ട് നിർമ്മിക്കുന്നതിനുള്ള Environmental Impact Assessment Study (EIA) നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. മുല്ലപ്പെരിയാർ വിഷയത്തിൽ വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് തമിഴ്നാട് ബഹു. സുപ്രീം കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള വിവിധ കേസുകളിൽ; സംസ്ഥാനത്തിന്റെ താല്പര്യം സംരക്ഷിച്ചുകിട്ടുന്നതിന് നിയമവിദഗ്ധരുമായി കൂടി ആലോചിച്ച് ആവശ്യമായ നിയമനടപടികൾ സ്വീകരിച്ചു വരുന്നു.

**<u>(ii) പറമ്പിക്കുളം - ആളിയാർ പദ്ധതി കരാർ</u>**

കേരളത്തിന്റെ താല്പര്യങ്ങൾ പൂർണ്ണമായും സംരക്ഷിച്ചുകൊണ്ട് പറമ്പിക്കുളം - ആളിയാർ പദ്ധതി കരാർ പുനരവലോകനം ചെയ്യുന്നതിനുള്ള നടപടികൾ 1988 മുതൽക്ക് തന്നെ സ്വീകരിച്ചിരുന്നു. ഈ വിഷയത്തിൽ കേരളവും തമിഴ്നാട്ടും തമ്മിൽ വിവിധ ചർച്ചകൾ നടന്നെങ്കിലും; സംയുക്ത ഗേജിങ്ങിലൂടെ സ്ഥിരീകരിക്കപ്പെട്ട അധികജല ലഭ്യത പങ്കുവയ്ക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങളിൽ പരസ്പരധാരണയിൽ എത്തിച്ചേരാൻ കഴിഞ്ഞിട്ടില്ല. അതിനാൽ കരാർ പുനരവലോകനം നാളിതുവരെ യാഥാർത്ഥ്യമായിട്ടില്ല. പി.എ.പി കരാർ പ്രകാരം സംസ്ഥാനത്തിന് ലഭിക്കേണ്ട ജലവിഹിതം; ജലസേചന വകുപ്പിന്റെയും സർക്കാരിന്റെയും സമയോചിതമായുള്ള ഇടപെടലുകളിലൂടെ നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ 2012-13 ജലവർഷത്തിൽ കേരളത്തിന് അർഹതപ്പെട്ട ജലം പി. എ. പി-യിൽ നിന്ന് ലഭിച്ചിരുന്നില്ല.

തമിഴ്നാടിന്റെ, പി. എ. പി. കരാർ വ്യവസ്ഥാലംഘനത്തിനെതിരെ കേരളം ബഹു. സുപ്രീംകോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്. കേസുമായി ബന്ധപ്പെട്ടിട്ടുള്ള തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. കരാർ പുനരവലോകനം ചെയ്യുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിനുള്ള പരിശ്രമങ്ങളും നടന്നുവരുന്നു.

**(iii) കാവേരി ട്രൈബ്യൂണൽ വിധി**

കാവേരി ട്രൈബ്യൂണൽ വിധി പ്രകാരം കേരളത്തിന് അനുവദിച്ചിട്ടുള്ള ജലവിഹിതം 30 ടി.എം.സി. ആണ്. എന്നാൽ കേരളം ആവശ്യപ്പെട്ടിരുന്ന 99.8 ടി.എം.സി ജലം പ്രസ്തുത വിധി പ്രകാരം ലഭിക്കാത്തതിനാൽ കേരളം ബഹു. സുപ്രീംകോടതിമുമ്പാകെ സ്പെഷ്യൽ ലീവ് പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്. പ്രസ്തുത കേസ്സിന്റെ നടത്തിപ്പിനായി സുപ്രീംകോടതിയിൽ കേസ് വാദിക്കുന്ന സീനിയർ അഭിഭാഷകരെ നിയോഗിച്ചിട്ടുണ്ട്. കാവേരി ട്രൈബ്യൂണൽ വിധി പ്രകാരം പാമ്പാർ നദീതടത്തിൽ അനുവദിച്ചിട്ടുള്ള 3 ടി.എം.സി. ജലം ഫലപ്രദമായി വിനിയോഗിക്കുന്നതിന്റെ ഭാഗമായി പട്ടിശ്ശേരിയിൽ ഒരു അണക്കെട്ട് നിർമ്മിക്കുന്നതിനുള്ള നടപടികൾ കേരളം സ്വീകരിച്ചു വരുന്നു. പ്രസ്തുത അണക്കെട്ടിന്റെ നിർമ്മാണത്തിനെതിരെ തമിഴ്നാട് ബഹു. സുപ്രീംകോടതിയിൽ ഫയൽ ചെയ്തിട്ടുള്ള കേസ്സിന്റെ അടിസ്ഥാനത്തിൽ, കേരളത്തിന്റെ താത്പര്യങ്ങൾ സംരക്ഷിച്ചു കിട്ടുന്നതിന് സഹായകരമാംവിധം എതിർ സത്യവാങ് മൂലം സമർപ്പിക്കുന്നതിനുള്ള നിയമനടപടികളും സ്വീകരിച്ചു വരുന്നു.

**(iv) പമ്പ - അച്ചൻകോവിൽ - വൈപ്പാർ ലിങ്ക് പദ്ധതി**

നദീസംയോജനത്തിന്റെ ഭാഗമായി കേരളത്തിലെ പമ്പ, അച്ചൻകോവിൽ എന്നീ നദികളെ തമിഴ്നാട്ടിലെ വൈപ്പാറുമായി ബന്ധിപ്പിച്ച് , പമ്പ - അച്ചൻകോവിൽ -

വൈപ്പാർ ലിങ്ക് പദ്ധതി നടപ്പാക്കുന്നതിനുള്ള സാദ്ധ്യത പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കാൻ ദേശീയജലവികസന ഏജൻസി (NWDA) ഉദ്ദേശിച്ചിരുന്നു. എന്നാൽ കേരളത്തിന് ദോഷകരമായ പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനുള്ള എതിർപ്പ് സാദ്ധ്യമായ എല്ലാ വേദികളിലും കേരളം പ്രകടിപ്പിച്ചിട്ടുണ്ട്. ദേശീയജലവികസന ഏജൻസിയുടെ യോഗങ്ങളിൽ പങ്കെടുക്കവേ സംസ്ഥാന ജലവിഭവ വകുപ്പ് മന്ത്രിയും ഇക്കാര്യത്തിലുള്ള കേരളത്തിന്റെ എതിർപ്പ് കാര്യകാരണ സഹിതം ആവർത്തിച്ച് വ്യക്തമാക്കിട്ടുണ്ട്. പമ്പ - അച്ചൻകോവിൽ - വൈപ്പാർ ലിങ്ക് പദ്ധതി നടപ്പാക്കുന്നതിനുള്ള ഏതൊരു നീക്കത്തേയും പ്രതിരോധിക്കുന്നതിന് സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിക്കണമെന്നുള്ളതാണ് സർക്കാർ നിലപാട്.

(സി) ഇക്കാര്യത്തിൽ വനം, ജലവിഭവം, വൈദ്യുതി തുടങ്ങിയ വകുപ്പുകളുടെ ഏകോപിച്ചുള്ള പ്രവർത്തനം ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിലുണ്ടാകുന്ന വീഴ്ചകൾ സൃഷ്ടിക്കുന്ന വൻനഷ്ടങ്ങളെക്കുറിച്ച് ബോധ്യപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

(സി) അന്തർസംസ്ഥാന നദീജലവിഷയവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ; ബന്ധപ്പെട്ട വകുപ്പുകളുടെയും മറ്റ് സ്ഥാപനങ്ങളുടെയും കൂടി അഭിപ്രായം ആരാഞ്ഞ് യോജിച്ച പ്രവർത്തനങ്ങളിലൂടെ ഉചിതമായ നടപടികൾ സ്വീകരിക്കണമെന്നുള്ള നിലപാടാണ് സർക്കാർ നാളിതുവരെ സ്വീകരിച്ചിട്ടുള്ളത്. ഇത്തരം കാര്യങ്ങളിൽ സംസ്ഥാന താത്പര്യങ്ങൾ സംരക്ഷിക്കപ്പെടുന്നതിലേക്കായി ബന്ധപ്പെട്ട വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും പൂർണ്ണസഹകരണത്തോടെയും യോജിച്ച പ്രവർത്തനങ്ങളിലൂടെയും തുടർ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

സെക്ഷൻ ഓഫീസർ